# ലിറ്റിൽ കൈറ്റ്സ്

## ഐ.ടി. ക്ലബ്ബ്

**നമ്പർ** :KL/2018/25066

സെന്റ് ജോർജ്ജസ് എച്ച്.എസ്.എസ്, വെണ്ണിക്കുളം



## വർണ്ണച്ചെപ്പിനുള്ളിൽ......


- ആമുഖം
- ലിറ്റിൽ കൈറ്റ്സ്
- വിദ്യാലയത്തിന്റെ പൊൻ തിളക്കം
- ആഴിയിൽ ലയിച്ച സൂര്യപ്രഭ
- തിരിഞ്ഞുനോക്കുമ്പോൾ
- കൃഷ്ണമണിയോരം
- പുഴയുടെ ദുഃഖം
- ജീവിത വീഥി
- പൂത്തുലഞ്ഞു
- മഞ്ഞുതുള്ളി
- പ്രകൃതി
- അമ്മ

# ആമുഖം

നിത്യജീവിത്തിൽ മലയാള ഭാഷ നമ്മോടൊപ്പമുണ്ട്. ഭാഷ അറിയാനും, കുട്ടികളിൽ സാഹിത്യവാസന ഉണർത്താനും വേണ്ടിയാണ് ഈ സൃഷ്ടികൾ പ്രസിദ്ധപ്പെടുത്തുന്നത്. ഇതിലൂടെ കുട്ടികളുടെ വായനാശീലം വർദ്ധിപ്പിക്കാനും സർഗ്ഗാത്മക വാസനകളെ ഉണർത്തുവാനും കഴിയും. കുട്ടികളിലെ സർഗ്ഗാത്മക വാസനകളെ പരിപോഷിപ്പിക്കുന്നതിനായി നമ്മുടെ വിദ്യാലയത്തിൽ രൂപീകരിച്ചിട്ടുള്ള ഒന്നാണ് "എഴുത്തുക്കൂട്ടം". അതിലെ അംഗങ്ങളുടെ ഏതാനും സൃഷ്ടികളാണ് ഇതിലൂടെ പുറംലോകമറിയാൻ പോകുന്നത്. നമ്മുടെ വിദ്യാലത്തിലെ "ലിറ്റിൽ കൈറ്റ്സിന്റെ" ആഭിമുഖ്യത്തിലാണ് സൃഷ്ടികൾ ശേഖരിച്ച് പ്രസിദ്ധപ്പെടുത്തുന്നത്. വിദ്യാർത്ഥികളിൽ സാഹിത്യപരമായ ചിന്തകൾ ഉണർത്താനും, അത് മറ്റുള്ളവരിലേക്ക് പകരുവാനും അങ്ങനെ ഭാഷയെ അറിഞ്ഞ് വളരാനും കഴിയുമെന്നും അതിലൂടെ പുതിയ സാഹിത്യസൃഷ്ടികൾ പിറക്കുമെന്നും പ്രതീക്ഷിക്കാം.

അലീന സാബു

എഡിറ്റർ

# ലിറ്റിൽ കൈറ്റ്സ്

ഇൻഫൊർമേഷൻ ടെക്നോളജിയുടെ സ്വാധീനം ഇപ്പോൾ ലോകത്തെവിടെയും അനുഭവപ്പെടുന്ന ഒന്നാണ് .കമ്പ്യൂട്ടറുകളുടെ സഹായം ഇല്ലാതെ ഇന്നത്തെ കാലത്ത് ജീവിക്കുവാൻ പ്രയാസമാണ് . കമ്പ്യൂട്ടർ എന്നത് ജീവിതത്തിൽ ഒഴിച്ചുക്കൂടാനാവാത്ത ഒന്നായി മാറികഴിഞ്ഞിരിക്കുന്നു. വിവര സാങ്കേതിക രംഗത്ത് കുട്ടികളുടെ കൂട്ടായ്മയായി ലിറ്റിൽ കൈറ്റ്സ് പ്രവർത്തനം ആരംഭിച്ചു .

സ്കൂളുകളുകളോടൊപ്പം കുട്ടികളേയും ഹൈ ടെക് ആക്കുക എന്ന ചിന്തയോടെ ഹൈസ്കൂൾ വിദ്യാർഥികൾക്കായി ഏർപ്പെടുത്തിയിരിക്കുന്ന പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് . മറ്റു യൂണിറ്റുകളിൽ നിന്നും വ്യത്യസ്തമായി കുട്ടികൾക്കായി ഐ .ടി മേഖലയിൽ കൂടുതൽ അറിവ് പകർന്നുനൽകുന്നു. അതുകൊണ്ടുതന്നെ കുട്ടികൾ ഐ.ടി മേഖലയിൽ കൂടുതൽ വിദഗ്ദരായിത്തീരുന്നു.

ക്ലാസ്സുകളിൽ പഠിപ്പിക്കുന്നതിൽ നിന്നും വ്യത്യസ്തമായി ആനിമേഷൻ, പ്രോഗ്രാമിങ് , ഡിജിറ്റൽ മാഗസിൻ എന്നിവ സ്വയം നിർമിക്കുവാൻ കുട്ടികൾക്കു കഴിയുന്നു .ഇത് പഠിപ്പിക്കുന്നതിനായി ആഴ്ചയിൽ ഒരു ദിവസം ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.ഇതിൽ തിളങ്ങുന്ന കുട്ടികൾക്ക് സബ് ജില്ല, ജില്ല ക്യാമ്പുകളിൽ പങ്കെടുത്ത് കൂടുതൽ അറിയുവാനുള്ള അവസരം ലിറ്റിൽ കൈറ്റ്സ് നൽകുന്നുണ്ട്. ഇത് അവരുടെ ഉപരിപഠനത്തിന് ഉപകാരപ്പെടുന്നു .ഈ സംരംഭത്തിനു വേണ്ട പ്രോത്സാഹനം സർക്കാർ നൽകുന്നുണ്ട് വളരെ കുറച്ചു മാസങ്ങൾക്കൊണ്ട് കമ്പ്യൂട്ടറിന്റെ അടിസ്ഥാനഘടകങ്ങൾ പഠിക്കുവാനും കമ്പ്യൂട്ടർ യുഗത്തിൽ വളരെ വേഗത്തിൽ മുന്നേറുവാനും ഇതിലൂടെ സാധിക്കുന്നു.

സമേര യോഹന്നാൻ

(ലീഡർ)

# പ്രകൃതി



നാലാം ക്ലാസ് കഴിഞ്ഞുകിട്ടിയ സന്തോഷത്തിലാണ് വിവേക്. ഇനി രണ്ടുമാസം അടിച്ചുപൊളിക്കണം എന്നാണ് അവന് .

"ഈ വിവേക് എന്താ ഇങ്ങനെ ? അവന് വെറുതെ കറങ്ങി നടക്കാതെ നല്ല കാര്യങ്ങൾ നോക്കിക്കൂടെ .

"അല്ല, ഇപ്പോൾ അവധിക്ക് എത്ര നല്ല കാര്യങ്ങൾ ചെയ്യാം " .
"വല്ല ഗ്രാമർ ക്ലാസിനുപോകാൻ പാടില്ലെ " .അച്ഛനും അമ്മയും പരസ്പരം പറഞ്ഞു .
"എന്തിനാ അമ്മേ ഗ്രാമർ ക്ലാസ്," ഇപ്പോൾ എല്ലാം ഗൂഗിളിൽ ഉണ്ട് . അത് നോക്കി പഠിച്ചാൽ മതി. എന്നാൽ ഇത്തവണ അച്ഛനും അമ്മയും അങ്കിളിന്റെ വീട്ടിൽ കൊണ്ടുവിടാൻ പ്ലാനിട്ടിരിക്കുകയാണ് .അങ്കിളിന്റെ പേര് അലക്സ്, 41 വയസ്സുകാണും .അച്ഛന്റെ അടുത്ത സുഹൃത്താണ് . കൃഷിയും മറ്റുമാണ് ജോലി . വളരെ നിർബന്ധിച്ച് വിവേകിനെ അച്ഛൻ കൂട്ടികൊണ്ടുപോയി. അങ്കിൾ തിരക്കിലായിരുന്നു. വൈകുന്നേരം ആയപ്പോൾ അങ്കിൾ അവന്റെ രണ്ടുകണ്ണുകളും അടച്ചു .*എന്നിട്ട് ഒരു സ്ഥലത്തേക്ക് കൊണ്ടുപോയി .എന്നിട്ട് കണ്ണുതുറന്നു ."എന്റെ ജീവിതത്തിൽ ആദ്യമായാണ് ഇത്ര മനോഹരമായ കാഴ്ച ഞാൻ കാണുന്നത് ".*

*"അസ്തമയസൂര്യൻ, ആകാശത്ത് ചുവന്ന റോസിനെ വെല്ലുന്ന ഭംഗിയോടെ ഉദിച്ചുനിൽക്കുന്നു. ചുറ്റും പഞ്ഞികെട്ടുപോലുള്ള മേഘങ്ങൾ അവ സൂര്യനെപോലെ ചുവന്ന വെട്ടത്തിൽ മഞ്ഞകലർന്നതുപോലെ തിളങ്ങുകയാണ്.അതിനു താഴെ മലനിരകൾ പരസ്പരം പച്ച പുതപ്പിച്ച് പുതച്ച് കിടക്കുകയാണ്.*
*അവ ആ തിളക്കത്തിൽ ലയിച്ചിരിക്കുകയാണ്. സൂര്യനും മലനിരകളും പരസ്പരം എന്തോ മന്ത്രിക്കുന്നതുപോലെ വിവേക് പറഞ്ഞു ". വിവേക് ചോദിച്ചു ." അങ്കിൾ , നിങ്ങൾ ഒരു ബാങ്കിൽ ജോലിചെയ്തിരുന്നില്ലേ ? നല്ല ശമ്പളവും, പിന്നെന്തിനാണ് കൃഷി തിരഞ്ഞെടുത്തത് "? ഈ ഗ്രാമത്തിൽ വന്ന് ജീവിക്കുന്നത് ?*
*ഇതിന്റെ ഉത്തരം 'പ്രകൃതി ' എന്ന മൂന്ന് അക്ഷരം തന്നെയാണ്. പ്രകൃതി മനുഷ്യന്റെ ചിന്താഗതിക്കുമപ്പുറമാണ് അതിന് ലോകം തന്നെ മാറ്റിമറയ്ക്കാനുള്ള ശക്തിയുണ്ട്.*

# അമ്മ

മക്കളായ് നാലുപേരുണ്ടെങ്കിലും
അമ്മ ഏകയാണേകയാണീ ഊഴിയിൽ
അച്ഛൻ മറഞ്ഞൊരു   കാലം മുതൽക്കമ്മ
ഭാരമായ് തീർന്നുവോ നാലുപേർക്കും?

നാഴൂരിമണ്ണും പകുത്തെടുത്ത് മക്കൾ
നാലുവഴിക്കായ് പിരിഞ്ഞുപോയി
അച്ഛന്റെയാത്മാവുറങ്ങുന്ന
മണ്ണിലന്തിത്തിരി കൺതുറന്നതില്ല



ഉള്ളം തുളുമ്പുന്നൊരോർമ്മകൾ
നോവിന്റെയാഴം പെരുകിച്ചിതയെരിച്ച
ദുശ്ശകുനം  പോലെ അമ്മയെക്കണ്ടൊരാം
മക്കൾ നടന്നു മറയുന്നതും നോക്കി
നെഞ്ചുപൊളിഞ്ഞമ്മ നീറിനിന്നു
ചെല്ലക്കഥകൾ നുകർന്നു രസിച്ചൊരാ
പേരക്കിടാവോടിവന്ന നേരം
ശാസിച്ചു നിർത്തി മരുമകളെങ്കിലും

മുത്തശ്ശിക്കൊപ്പമൊന്നോടിയെത്താൻ
കൈനീട്ടി നിന്നു കരഞ്ഞു പൈതൽ
അന്യയായമ്മൂമ്മ നൊന്തു നിൽക്കെ
വിങ്ങിനുറുങ്ങിയോ കുഞ്ഞിൻ മനം
നിർമലർ ബാല്യമേ നിന്നിൽ പക
നട്ടൊരച്ഛനും അമ്മയും എന്തുനേടി ?
ആശകൾ പിന്നെയും ബാക്കിയാക്കി
പാതിവഴിയിൽ മറഞ്ഞൊരാ
അച്ഛന്റെ ഓർമ്മയിലമ്മ പിടഞ്ഞുവീഴെ
കൈപിടിച്ചാരോ നടത്തിയായമ്മയെ
ശരണാലയത്തിൻ കവാടം വരെ
പ്രതിക്രിയയായ് വന്നു കൂട്ടിയാലും
തീരുമോ മക്കളെ നിങ്ങളെ പോറ്റിയ
പെറ്റവയറിന്റെ തീരാക്കടം?

പെറ്റവയറിന്റെ തീരാക്കടം?

അന്ന ജേക്കബ്

# മഞ്ഞുതുള്ളി



മറയുവതെന്തിനു നീയീ-
പ്രഭാതരശ്മികളിൽ നിന്നാരെ-
ഭയപ്പെടുന്നുവോ എന്നും
സൂര്യകികരണങ്ങളേയോ?

ആരേയും എന്തേ അനുവഭിക്കാത്തതു-
നീന്റെ മനോഹാരിത കവരുവാൻ
നീയാം മഞ്ഞുതുള്ളിക്കൊരേകാ-
ന്തമാം ജീവീതം മാത്രമയോ

എന്തിനു നീ മറഞ്ഞുനിൽപ്പൂ
പ്രിയമാം പുൽത്തകിടിയെവിട്ടു.
എന്നാകും നിന്നെ നേരിൽ
കാണാനെന്നറിയില്ല എങ്കിലും
നിന്റെയാ ചാരുചിത്രം.
വർണ്ണിക്കാതെയും വയ്യ !

# പൂത്തുലഞ്ഞു

ആദ്യത്തെ മാവിന്റെ
കൊമ്പിൽ നിന്നതിരുന്ന
പൂവിനായി കാത്തിരുന്ന
നാളുകൾ ആയിരം സന്തോഷം
പകർന്നീടുന്നു ജീവനിൽ
അമൃതായി നിന്നൊരു നാളുകൾ

കാലത്തിനടി സ്ഥാനമായ്
നീളുകയും കാറ്റെന്ന് കരുതി
വന്നൊരു  മഴയും ഇടിവെട്ടോ
ടുകൂടി ജ്വലിച്ചു നിന്നു

പൂത്തുലഞ്ഞ  കൊമ്പിൽ നിന്ന്
പൊഴിയുന്നതും അതിൽ ഒന്ന്
മാത്രം നിന്നതും ഞാൻ കണ്ടു
ഇന്നുമെൻ ഓർമയിൽ അതി
ജ്വാലയായി പൂത്തുനിൽക്കുന്ന
മഴയും എൻ ഓർമയിൽ



# പുഴയുടെ ദുഃഖം



വെള്ളികൊലുസണിഞ്ഞൊഴുകുന്ന

പുഴയാണ് ഞാൻ

എന്റെ സുന്ദരമാം

മടിത്തട്ടിലേക്കാണ്

പ്ലാസ്ററിക്ക് പോലുള്ള

അക്രമകാരികൾ

കുന്നായി വീഴുന്നത്

മണിലലിച്ച ചേരാത്ത

പ്ലാസ്ററിക്കിനെ

എന്തിനെൻ മടിത്തട്ടിലേക്കിട്ടു?

എന്റെ കണ്ണീരു കാണുവാനാണോ?

ഫാക്ടറിയിൽനിന്നുള്ള

മലിനമായ ജലം

എന്തിനെൻ മടിത്തട്ടിലേക്കൊഴിച്ചു?

ശുദ്ധമാം എന്നെ നീ

അശുദ്ധ മാക്കുവാൻ വേണ്ടിയാണോ?

സഹിക്കാൻ പറ്റുന്നില്ല

നിന്റെ ക്രൂരമാം പ്രവൃത്തികൾ

ഞാനങ്ങ് പോവുകയാണ്

ദൂരത്തേക്ക് അങ്ങ് ദൂരത്തേയ്ക്ക്...........

സോമ സൂര്യ

# ആഴിയിൽ ലയിച്ച സൂര്യപ്രഭ



സൂര്യനെ നോക്കിഞാനാ-
പ്രഭ മാഞ്ഞതുകണ്ട്
നിത്യശാന്തിയിൽ ലയിച്ചങ്ങ്-
പോയെന്നു തോന്നി

ആരോരുമില്ലാ രാത്രിയെ തേടി  സൂര്യൻ
വിദൂരമാം താഴ്‌വാരത്തിൽപോയ്മറഞ്ഞല്ലോ
എന്തിനീ മൗനമിന്ന് എന്തിനീ യാത്ര ഇന്ന്
ഈ ദുരവസ്ഥക്ക് സാക്ഷിയായെൻ ജീവിതവും

സഹ്ഡതാരകളാകെ കൂരിരുട്ടിലാണ്ടല്ലോ
പ്രകൃതിയാം മാതാവോ നിശ്ചലമായിന്ന്
അഖിലമാം ദിഷ്ടടവും വിണ്ണേറി മാഞ്ഞതല്ലോ
സഹസ്രാഷനായാകാശവും ബാഷ്പമായ്മാറി

സൂര്യന് സമമായി എൻ ഗുരുനാഥനല്ലോ
അനന്തസാഗരത്തിലാചിരി കലർത്തിയോ
എന്നിരുന്നാലുമിന്ന് അഭൗമമാം പ്രകാശം
എൻ ഗുരുനാഥനിലായി ജ്വലിച്ചിടുന്നുവല്ലോ

ശാമിലി ഷാജി

# ജീവിത വീഥി

തലേന്ന് രാത്രി പെയ്ത ഒരു വേനൽ മഴയുടെ നനവാർന്ന വഴിത്താരയിലൂടെയാണ് ഞാൻ നടന്നു വരുന്നത്. രാത്രിയുടെ ബാക്കി ആകാശത്ത് ചിതറിക്കിടക്കുന്നുണ്ടായിരുന്നു. കറുത്തമേഘങ്ങൾ ആകാശകോണുകളിൽ ഒളിഞ്ഞിരിപ്പുണ്ടായിരുന്നു. അന്തരീക്ഷത്തിൽ വെയിൽ നാളം പറന്നിരുന്നെങ്കിലും കാർമേഘപടലങ്ങൾ അവയെ എപ്പോൾ വേണമെങ്കിലും മറയ്ക്കുമെന്ന തോന്നിച്ചു.

ജീവിതത്തിലേക്കു വീണ്ടും നിറങ്ങളും മണങ്ങളും കടന്നുവരുകയാണല്ലോ എന്ന സന്തോഷമാണ് മേരിയമ്മയ്ക്ക്. ഒരു ചരിത്രത്തിന്റെ അടുക്കും ചിട്ടയും ഇല്ലാത്ത ഓർമ്മകളിലൂടെ മേരിയമ്മ കടന്നു പോയി. അമ്മേ കമ്മൽ വാങ്ങി തരുമോ? മകൾ അന്നയുടെ ചോദ്യം മേരിയമ്മ കേട്ടെങ്കിലും ആദ്യമൊന്നു മടിച്ചു. കാരണം ആ മാസത്തേക്ക് കഴിയാനുള്ള കഷ്ടി തുകയെ മേരിയമ്മയുടെ കയ്യിലുള്ളു. പിന്നെയെങ്ങനെ മോളുടെ ആഗ്രഹം സാധിക്കും? മകൾ പ്രായമായി വരുന്നു, ഒരു തരിപൊന്നില്ല. അവളെ വിവാഹം കഴിപ്പിച്ചു വിടാൻ. മകൻ ജോണി ജോലിയിൽ പ്രവേശിച്ചിട്ട് ഏതാനും ദിവസങ്ങൾ ആയിട്ടുള്ളു. അന്നമ്മക്ക് മൂന്നുവയസ്സുള്ളപ്പോഴാണ് അവളുടെ അച്ഛൻ വണ്ടിഅപകടത്തിൽ മരിച്ചത്. പിന്നീട് കഷ്ടപ്പാടുകൾ നിറഞ്ഞ ജീവിതമായിരുന്നു. അയൽവീടുകളിൽ വീട്ടുപണികൾ ചെയ്താണ് മക്കളെ ഇതുവരെ എത്തിച്ചത്. രണ്ടു ചിട്ടികൾ കിട്ടാനുണ്ട്. അതു കിട്ടീട്ടു വേണം അന്നയുടെ കല്യാണം നടത്താൻ. പിന്നെ മകന്റെ കല്യാണം . അതിനു ശേഷം വേണം ഒന്നു വിശ്രമിക്കാൻ. ജോലി കിട്ടിക്കഴിഞ്ഞ് ആറു മാസം കഴിഞ്ഞ് നാട്ടിൽ വന്ന മകന്റെ കൂടെ ഒരു പെൺകുട്ടി ഉണ്ടായിരുന്നു. മകൻ ഇഷ്ടപ്പെട്ടു കെട്ടിയ പെണ്ണ്. മേരിയമ്മ അവരെ സന്തോഷത്തോടെ സ്വീകരിച്ചു. പിന്നീട് മകന്റെ സ്വഭാവത്തിൽ വന്ന മാറ്റം അമ്മ പലപ്പോഴും കണ്ടില്ലെന്ന് നടിച്ചു. മകൾക്ക് ആദ്യം വന്ന ആലോചന തന്നെ കൈയ്യിലുള്ളതെല്ലാം വിറ്റു പെറുക്കി നല്ല രീതിയിൽ നടത്തി. പേരക്കുട്ടിയുടെ കളിയിലും ചിരിയിലും മേരിയമ്മ തന്റെ ദുഃഖങ്ങൾ മറന്നു.

അങ്ങനെയിരിക്കെ കുളിക്കാനായി മേരിയമ്മ കുളിമുറിയിലേക്കു കേറുന്ന വഴി കാലൊന്നിടറി വീണു. വീഴ്ചയിൽ നല്ല പരുക്കുണ്ടായിരുന്നു. കൈകാലുകളൊടിഞ്ഞ് കിടപ്പിലായി. എത്ര ശകാരിച്ചാലും ഒടുവിൽ മക്കൾ തന്നെ ഈ വൃദ്ധസദനത്തിൽ കൊണ്ടാക്കുമെന്ന് വിചാരിച്ചില്ല. സാരമില്ല മക്കൾക്ക് സമയമില്ലാത്തതു കൊണ്ടല്ലെ. അവർ നെടുവീർപ്പിട്ടു. പണ്ട് ദാരിദ്ര്യമുണ്ടായിരുന്നുവെങ്കിലും ഇപ്പോൾ മക്കൾ സുഖമായി ജീവിക്കുന്നുണ്ട്.അതുമതി എനിക്ക്, മേരിയമ്മയുടെ കണ്ണു നിറഞ്ഞു.

പേരക്കുട്ടിയുടെ വിവാഹമാണിന്ന്. ഇന്നെന്തായാലും ജോണി എന്നെ കൊണ്ടുപോകാൻ വരും. അവർ പ്രതീക്ഷയോടെ കാത്തിരുന്നു. പക്ഷെ ആരുമവിടെക്കെത്തിയില്ല.പുറത്ത് വെയിൽ മങ്ങുകയും വേനൽ മഴയുടെ പുതിയ മേഘങ്ങൾ ആകാശത്ത് നിറയുകയും ചെയ്തു.

# തിരിഞ്ഞുനോക്കുമ്പോൾ

ദേവശിൽപിതൻ ചിത്രപ്പണികളിലൂടെ നടന്നുനീങ്ങീടവേ
എൻ ജീവിതവും കണ്ടു ഞാൻ അതിലൊന്നിൽ
ചിന്തയിലേക്കു വഴിമാറി ഞാൻ
നടന്നു നീങ്ങി എൻ ഭൂതകാലത്തേക്ക്
ചുറ്റും രക്തപുഴകൾ മാത്രം
കരിഞ്ഞുണങ്ങി മരവിച്ച ശരീരങ്ങളും
കിതയ്ക്കുന്നു മെയ്യും മാറും
ഈ യുദ്ധകളത്തിലൂടോടുമ്പോൾ
കത്തിനിൽകുന്ന സൂര്യനെ നോക്കി
കരഞ്ഞുപോയ് ഞാൻ
പുറത്തേക്കുള്ള വഴിയും തേടി അലഞ്ഞു ഞാൻ
ചിതൽപ്പുറ്റിൻ കവാടത്തിലൂടെ
ചിലരൊക്കെ വരുന്ന കാലടികൾ കേൾക്കാം
വിങ്ങിപ്പൊട്ടി തിരിഞ്ഞോടി ഞാൻ
വരണ്ടുണങ്ങിയ തടാകക്കരയിലൂടെ
ചൂട്ടേറ്റിട്ടും തണുത്തു
വിറച്ചിരുന്നു പോയ് ഞാൻ
ചുറ്റും പരവതാനി വിരിച്ചപോൽ
കിടന്ന മരുഭൂമി മാത്രം
പെട്ടെന്നാരോ തട്ടിയുണർത്തിയെന്നെ
ഈ സ്വപ്നലോകത്തിൽ നിന്നും
ഈ ഭൂതകാലത്തിൽ നിന്നും
ഇനി ഞാൻ പോകാൻ ആഗ്രഹിക്കുന്നില്ല
ആ ലോകത്തിലേക്കൊരിക്കലും.

# വിദ്യാലയത്തിന്റെ  പൊൻ തിളക്കം

അറിവിൻ കതിർ വിത്ത് വാരി വിതറുന്ന
നേർ വഴി പാതയാം ഗുരുകുലത്തിൽ
ഇരുളിൻ തിരി നീക്കി പടരും വെളിച്ചമാം
വിദ്യ പകരും എൻ അധ്യാപകർ

എന്റെ മുഖത്ത് നിഴൽ പാട് വീണാലു-
മെൻ മനം മെല്ലെ വിതുമ്പിയാലും
കൂടെയുണ്ടാകുമെൻ ജീവന്റെ നിഴൽ ആയി
എന്നും എപ്പോഴുമെൻ കൂട്ടുകാരും

ഇരുളിന്റെ രാവുകൾ നീങ്ങുന്നിതാ
സൂര്യ തേജസ്സ് വന്നണയുന്നിതാ
തിന്മകൾക്കിനിയെന്നുമസ്തമനം
നന്മകൾ ഒന്നായുദിച്ചുയർത്താം

അറിവിൻ കതിർ വിത്ത് വാരി വിതറുന്ന
നേർ വഴി പാതയാം ഗുരുകുലത്തിൽ
നിറയുകയായ് എന്നിൽ അറിവിൻ വെട്ടം
ഇത് വിദ്യാലയത്തിന്റെ പൊൻ തിളക്കം



# കൃഷ്ണമണിയോരം

കാണാതെ കണ്ണിൽ നിന്നുയർന്നുവന്നതൊ
കണ്ണുകൊണ്ട് കരളിലെ കനവിൽ കല്ലെറിഞ്ഞതൊ
കാറ്റത്തു കാവടിയാടി കഥ പറഞ്ഞതൊ
കാർമുകിലിൻ കിനാവിലെ കള്ളനായതൊ

കൂട്ടുകൂടി കാട്ടിലെങ്ങൊ കാത്തുനിന്നതൊ
കാറ്റുവന്നു കവിതച്ചൊല്ലി കേട്ടുനിന്നതൊ
കാൽച്ചിലങ്ക നടനമായ നീ അന്നുദിച്ചതൊ
കായലിൽ നീ നീന്തി നീന്തി കരയിൽ വന്നതൊ

കുയിൽ പാടും കൃതിയിലെ കോകിലങ്ങളെ
കൂട്ടിൽ കയറാൻ വാ കാട്ടുപൂക്കളെ
കുഞ്ഞുതെന്നലിൻ കൈകളാൽ നീ
കൂടുകൂട്ടുമൊരു കൃഷ്ണമണിയോരത്ത്



# മികവുകളിലൂടെ ഒരെത്തിനോട്ടം........












പിന്നണിയിൽ......



- അലീന സാബു
- ഗൗദം സി.ജെ
- ബേസിൽ.ജി.സാബു
- അബിൻ അനിൽ കുമാർ
- അലൻ ബേസിൽ
- സമേര യോഹന്നാൻ
- നവീൻ ഫ്രാങ്ക്ളിൻ ബ്രിട്ടൊ
- നിത്യ കൃഷ്ണകുമാർ

# നന്ദി.......

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

സെന്റ് ജോർജ്ജസ് എച്ച്.എസ്.എസ്,വെണ്ണിക്കുളം